ഉത്തരം

(എ) 9-8-1997-ൽ

(ബി) ഉണ്ട്.

(സി) ഇ.എസ്.ഐ. കോർപ്പറേഷൻ ആവശ്യമായ ഫണ്ട് അനുവദിക്കാത്തിനാലാണ് പണി ആരംഭിക്കാൻ കഴിയാത്തത്.

(ഡി) ഇ.എസ്.ഐ. കോർപ്പറേഷനിലും കേന്ദ്ര തൊഴിൽ മന്ത്രാലയത്തിലും നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്.

എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

58 (210) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തികയുടെ വിവരം വിഭാഗം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതൊക്കെ വിഭാഗത്തിൽ തസ്തികൾ എത്ര നാളായി ഒഴിഞ്ഞു കിടക്കുകയാണെന്ന വിവരം ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഈ ആശുപത്രിയിൽ ഡോക്ടർമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1. സൂപ്രണ്ട് - 1

2. പൊതുവിഭാഗം -14

3. വിദഗ്ദ്ധ ചികിത്സാ വിഭാഗം - 7

(ഫിസിഷ്യൻ, സർജൻ, പീഡിയാട്രിഷ്യൻ ഗൈനക്കോളജിസ്റ്റ്, അനസ്തറ്റിസ്റ്റ്, ഓർത്തോ സർജ്ജൻ, ഡെന്റൽ സർജ്ജൻ)

(ബി) പൊതുവിഭാഗത്തിലെ ഏഴും വിദഗ്ധ ചികിത്സാ വിഭാഗത്തിലെ രണ്ടും (ഫിസിഷ്യൻ, സർജ്ജൻ) തസ്തികകൾ ഒരു വർഷത്തോളമായി ഒഴിഞ്ഞു കിടക്കുന്നു.

(സി) നടപടി സ്വീകരിച്ചു വരുന്നു.

എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ ആയുർവേദ വിഭാഗം ആരംഭിക്കണമെന്ന ആവശ്യം

59 (211) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയോടനുബന്ധിച്ച് ആയുർവേദ വിഭാഗം ആരംഭിക്കുന്നതു സംബന്ധിച്ച നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാലതാമസം ഒഴിവാക്കി പ്രസ്തുത വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാൻ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

പുതിയ തൊഴിൽ സംസ്ക്കാരം

60 (212) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു പുതിയ തൊഴിൽ സംസ്ക്കാരം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വ്യവസായ പുരോഗതിയും തൊഴിലാളി ക്ഷേമവും കണക്കിലെടുത്ത് തൊഴിൽ വകുപ്പ് ഈ വർഷം തൊഴിൽ വർഷമായി ആചരിക്കുവാനും ലേബർ അജണ്ട നടപ്പിലാക്കുവാനും തീരുമാനിക്കുകയും തദനുസൃതമായ നടപടികൾ ദ്രുതഗതിയിൽ കൈക്കൊണ്ടു വരുകയും ചെയ്യുന്നു.

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമവും സുഗമവുമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുകയും ആയതിലേയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ വിദഗ്ദ്ധ സമിതികളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly